കേരള സർക്കാർ

സംഗ്രഹം

വനിതശിശു വികസന വകുപ്പ്- വകുപ്പിന്റെ കീഴിലുള്ള 17 ക്ഷേമ സ്ഥാപനങ്ങളിൽ 2025-26 സാമ്പത്തിക വർഷം ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്കോളജിസ്റ്റ്/സൈക്ക്യാട്രിസ്റ്റ് എന്നിവരുടെ സേവനത്തിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതശിശു വികസന (ബി) വകുപ്പ്

**G.O.(Rt)248/2025/WCDD** **Dated,02/06/2025**

---

എ.എസ് നമ്പർ : AS/WCD/25/42504 കാലാവധി : 31/03/2026

പരാമർശം:- 1. വനിത ശിശു വികസന ഡയറക്ടറുടെ 21.03.2025-ലെ DWCD/1895/2025-WEC5 നമ്പർ കത്ത്.
2. 03.04.2025-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.
3. സ.ഉ.(സാധാ)നം.212/2025/ഡബ്ല്യുസിഡിഡി തീയതി.27.05.2025

## ഉത്തരവ്

വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള 17 ക്ഷേമസ്ഥാപനങ്ങളിൽ പ്രവേശിക്കപ്പെടുന്നവർ പലപ്പോഴും ദുഷ്കരമായ ജീവിത സാഹചര്യങ്ങളിലൂടെ കടന്ന് പോയവർ ആയതിനാൽ അവരുടെ മാനസികാവസ്ഥ മെച്ചപ്പെടുത്തി അവരുടെ നഷ്ടപ്പെട്ട ആത്മവിശ്വാസം തിരികെ കൈവരിക്കാൻ പ്രാപ്തരാക്കിയാൽ മാത്രമെ മറ്റ് പുനഃരധിവാസ പ്രക്രിയകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ അവർക്ക് സാധിക്കുകയുള്ളു. ആയതിനാൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റിന്റെ സേവനം ടി സ്ഥാപനങ്ങളിലെ താമസക്കാർക്ക് ലഭ്യമാക്കി അവരുടെ മനോധൈര്യം, മാനസികാരോഗ്യം എന്നിവ തിരികെ കൊണ്ട് വരേണ്ടത് അനിവാര്യമാണ്. നിയോഗിക്കപ്പെടുന്ന ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/ സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റ് എല്ലാ താമസക്കാരേയും സ്ക്രീൻ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത പുനരധിവാസ പദ്ധതി തയ്യാറാക്കുകയും തുടർ നടപടി സ്വീകരിച്ച് ആവശ്യാനുസരണം Psychological Intervention നൽകി താമസക്കാരുടെ പുനഃരധിവാസ പ്രക്രിയ ഫലപ്രദമായി നടപ്പാക്കുവാൻ സഹായിക്കുന്നതുമാണ്. ടി ആവശ്യത്തിലേയ്ക്കായി ജില്ലാ തലത്തിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയിൻ കീഴിൽ തയ്യാറാക്കിയ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്കോളജിസ്റ്റ്/ സൈക്യാട്രിസ്റ്റുമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്നും പ്രസ്തുത സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്കോളജിസ്റ്റ്/ സൈക്യാട്രിസ്റ്റുമാരുടെ സേവനത്തിനായി ഒരു സെഷന് 1500/- രൂപ നിരക്കിൽ 8 സെഷനുകൾ, ഒരു വർഷം 17 സ്ഥാപനങ്ങളിൽ നടത്തുന്നതിനായി

AS/WCD/25/42504

ആകെ 24,48,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സാമ്പത്തിക വിശകലനം

ഒരു സെഷൻ 1500/- രൂപ നിരക്കിൽ 8 സെഷനുകൾ നടത്തുന്നതിന് ഒരു സ്ഥാപനത്തിന് പ്രതിമാസം ആവശ്യമുള്ള തുക :1500x 8 = 12,000/- രൂപ

ഒരു സ്ഥാപനത്തിന് 12 മാസത്തേയ്ക്ക് ആവശ്യമുള്ള തുക: 12000 x 12 = 1,44,000/- രൂപ

17 സ്ഥാപനങ്ങൾക്ക് 12 മാസത്തേക്ക് ആവശ്യമുള്ള തുക:1,44,000 x 17 = 24,48,000/- രൂപ

(2) 03.04.2025-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശയ്ക്ക് സമഗ്ര ഭരണാനുമതി നല്കുവാൻ തീരുമാനിക്കുകയും തുടർന്ന് പരാമർശം (3) പ്രകാരം സമഗ്ര ഭരണാനുമതി നല്കി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള 17 ക്ഷേമസ്ഥാപനങ്ങളിൽ 2025-26 സാമ്പത്തിക വർഷത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്/സൈക്കോളജിസ്റ്റ്/സൈക്യാട്രിസ്റ്റുമാരുടെ സേവനത്തിനായി ഒരു സെഷന് 1500/- രൂപ നിരക്കിൽ 8 സെഷനുകൾ, ഒരു വർഷം 17 സ്ഥാപനങ്ങളിൽ നടത്തുന്നതിനായി ആകെ 24,48,000/- രൂപ (ഇരുപത്തിനാല് ലക്ഷത്തി നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03 (P) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

ASWCD/25/42504

<u>പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ</u>

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | വകുപ്പിനു കീഴിലുള്ള 17 ക്ഷേമ സ്ഥാപനങ്ങളിൽ ക്ലീനിക്കൽ സൈക്കോളജിസ്റ്റ് സൈക്കോളജിസ്റ്റ് സൈക്ക്യാട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും തുക വിനിയോഗിക്കുന്നതിനുമുള്ള അനുമതി | 24,48,000 |
| ആകെ (ഇരുപത്തി നാല് ലക്ഷത്തിനാല്പത്തി എണ്ണായിരം രൂപ) | | **24,48,000** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വനിതശിശു വികസന (എ) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2025.06.10 03:50:55 +05:30

AS/WCD/25/42504